# തീത്തൊസ്

1 നമ്മുടെ രക്ഷിതാവായ ദൈവത്തിൻെറ
കല്പനപ്രകാരം എന്നെ ഭരമേല്പിച്ച പ്രസം
ഗത്തിലൂടെ നിശ്ചിതസമയത്ത് തൻെറ വചനം
വെളിപ്പെടുത്തിയവനും വ്യാജം പറയാത്ത
വനുമായ ദൈവം, 2യുഗങ്ങൾക്കുമുമ്പുതന്നെ
വാഗ്ദാനം ചെയ്തിരുന്ന നിത്യജീവൻെറ പ്രത്യാ
ശയുടെ അടിസ്ഥാനത്തിൽ, 3തൻെറ തിര
ഞ്ഞെടുക്കപ്പെട്ട ജനത്തിനുണ്ടാകേണ്ട വിശ്വാ
സത്തിനും ഭക്തിക്കനുസാരമായ സത്യത്തി
ൻെറ പരിജ്ഞാനത്തിനുംവേണ്ടി, ദൈവത്തി
ൻെറ ഭൃത്യനും യേശുക്രിസ്തുവിൻെറ അപ്പൊ
സ്തലനുമായിത്തീർന്ന പൗലൊസ്,

4പൊതുവിശ്വാസത്തിൽ വിശ്വസ്ത
പുത്രനായ തീത്തൊസിന് എഴുതുന്നത്:

പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
രക്ഷകനായ യേശുക്രിസ്തുവിൽനിന്നും
നിനക്കു കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

*ക്രീറ്റിൽ തീത്തൊസിൻെറ ദൗത്യം*

5ഞാൻ നിന്നെ ക്രീറ്റിൽ വിട്ടിട്ടുപോന്നത്,
ശേഷിച്ച കാര്യങ്ങൾ എൻെറ നിർദ്ദേശപ്രകാരം
ക്രമപ്പെടുത്തുന്നതിനും പട്ടണംതോറും മൂപ്പന്മാ
രെ നിയമിക്കേണ്ടതിനും ആയിരുന്നുവല്ലോ. 6മൂ
പ്പൻ കുറ്റമറ്റവനും ഏകഭാര്യയുടെ ഭർത്താവും
ആയിരിക്കണം; അയാളുടെ മക്കൾ വിശ്വാസി
കളും, ദുർന്നടപ്പും അനുസരണക്കേടും
ഇല്ലാത്തവരും ആയിരിക്കണം. 7അധ്യക്ഷൻ
ദൈവത്തിൻെറ കാര്യവിചാരകനാകയാൽ
അനിന്ദ്യനായിരിക്കണം; തന്നിഷ്ടക്കാരനും മുൻ
കോപിയും മദ്യപനും അക്രമാസക്തനും ദുർ
ല്ലാഭമോഹിയും ആയിരിക്കരുത്. 8എന്നാൽ
അതിഥിസൽക്കാരപ്രിയനും നന്മയെ സ്നേഹി
ക്കുന്നവനും സംയമശീലനും നീതിനിഷ്ഠനും
വിശുദ്ധനും അച്ചടക്കമുള്ളവനും ആയിരി
ക്കേണ്ടതാകുന്നു. 9സത്യോപദേശത്താൽ പ്ര
ബോധിപ്പിക്കുവാനും എതിർക്കുന്നവർക്കു ബോ
ധ്യം വരുത്തുവാനും പ്രാപ്തനാകേണ്ടതിന്
അയാൾ താൻ പഠിച്ചറിഞ്ഞ വിശ്വാസ്യവചനം
മുറുകെപ്പിടിക്കുന്നവനായിരിക്കണം.

10വ്യർഥാലാപക്കാരും, വഞ്ചകരും, മത്സരി
കളുമായ പലരും, വിശേഷാൽ പരിച്ഛേദന
വാദികളും അവിടെയുണ്ട്. 11ദുർല്ലാഭമോഹി
കളായി, അരുതാത്ത കാര്യങ്ങൾ പഠിപ്പിച്ചു
കൊണ്ട് കുടുംബങ്ങളെ അപ്പാടെ തകർക്കുന്ന
അത്തരക്കാരെ നിശ്ശബ്ദരാക്കേണ്ടതാണ്.
12"ക്രീറ്റ് നിവാസികൾ എപ്പോഴും അസത്യവാ
ദികളും, ദുഷ്ടജന്തുക്കളും അലസരായ ഭോജന
പ്രിയരുമാണ് " എന്ന് അവരുടെ ഒരു പ്രവാ
ചകൻ തന്നേ പ്രസ്താവിച്ചിട്ടുണ്ട്. 13ഈ സാ
ക്ഷ്യം സത്യമത്രേ. അതിനാൽ അവർ വിശ്വാ
സത്തിൽ ഉറച്ചുനില്ക്കേണ്ടതിനും 14യഹൂദരു
ടെ കെട്ടുകഥകൾക്കും സത്യം നിഷേധി
ക്കുന്നവരുടെ കല്പനകൾക്കും ചെവികൊടു
ക്കാതിരിക്കേണ്ടതിനും അവരെ കർശനമായി
ശാസിക്കണം. 15ശുദ്ധിയുള്ളവർക്ക് എല്ലാം ശു
ദ്ധംതന്നെ. എന്നാൽ അശുദ്ധർക്കും അവിശ്വാ
സികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ മനസ്സും
മനസ്സാക്ഷിയും മലിനപ്പെട്ടുപോയിരിക്കുന്നു.
16അവർ ദൈവത്തെ അറിയുന്നു എന്ന് അവകാ
ശപ്പെടുന്നുവെങ്കിലും പ്രവൃത്തികളാൽ അവിടു
ത്തെ നിഷേധിക്കുന്നു. അവർ നിന്ദ്യരും അനു
സരണംകെട്ടവരും യാതൊരു സൽ
പ്രവൃത്തിക്കും കൊള്ളരുതാത്തവരുമാണ്.

*സത്യോപദേശം*

2 നീയാകട്ടെ, സത്യോപദേശത്തിനു
ചേർന്ന കാര്യങ്ങൾ പഠിപ്പിക്കുക. 2 പ്രാ
യംചെന്ന പുരുഷന്മാർ പക്വമതികളും ആദരണീ
യരും ആത്മനിയന്ത്രണമുള്ളവരും, വിശ്വാസം,
സ്നേഹം, സഹിഷ്ണുത എന്നിവയിൽ ഉറപ്പു
ള്ളവരുമായിരിക്കുവാൻ ഉപദേശിക്കുക.

3അതുപോലെ, പ്രായംചെന്ന സ്ത്രീകൾ
പെരുമാറ്റത്തിൽ മാന്യതയുള്ളവരും, ഏഷണി
പറയാത്തവരും, മദ്യത്തിന് അടിമപ്പെടാ
ത്തവരും നന്മ ഉപദേശിക്കുന്നവരുമായിരിക്കു
വാൻ അവരെ പഠിപ്പിക്കുക. 4അപ്പോൾ, ഭർത്താ
ക്കന്മാരെയും മക്കളെയും സ്നേഹിക്കുന്ന
വരും, വിവേകികളും, പതിവ്രതകളും 5വീട്ടുകാ
ര്യം നോക്കുന്നവരും, ദയയുള്ളവരും, ഭർത്താ

ക്കന്മാരെ അനുസരിക്കുന്നവരും ആയിരിക്കണ
മെന്നു യുവതികളെ പ്രബോധിപ്പിക്കുവാൻ
അവർക്കു കഴിയും. അങ്ങനെയായാൽ ദൈവ
വചനം ദുഷിക്കപ്പെടുവാൻ ഇടയാവുകയില്ല.
6അതുപോലെ, യുവാക്കന്മാർ ആത്മനിയ
ന്ത്രണം പാലിക്കുവാൻ പ്രബോധിപ്പിക്കുക.
7എതിരാളി നിന്നെക്കുറിച്ച് ഒരു ദോഷവും പറയു
വാൻ വക കാണാതെ ലജ്ജിക്കേണ്ടതിന് എല്ലാ
ക്കാര്യത്തിലും നിന്നെത്തന്നേ സൽപ്രവൃത്തി
കൾക്ക് മാതൃകയാക്കി കാണിക്കുക. 8ഉപദേശ
ത്തിൽ നിർമ്മലതയും ഗൗരവവും ഭാഷണത്തിൽ
ഔചിത്യവും ഉള്ളവനായിരിക്കുക.
9ദാസന്മാരോട്, എല്ലാക്കാര്യങ്ങളിലും യജമാ
നന്മാർക്കു കീഴടങ്ങിയിരിക്കാനും അവരെ
പ്രസാദിപ്പിക്കാനും അവരോടു മറുത്തു സംസാ
രിക്കാതിരിക്കാനും ഒന്നും വഞ്ചിച്ചെടുക്കാതിരി
ക്കാനും ഉപദേശിക്കണം. 10അങ്ങനെ അവർ
എല്ലാറ്റിലും വിശ്വസ്തരായി, നമ്മുടെ
രക്ഷകനായ ദൈവത്തിന്റെ ഉപദേശത്തെ
ഒരു ഭൂഷണമാക്കിത്തീർക്കും.
11സകലമനുഷ്യർക്കും രക്ഷാകരമായ
ദൈവകൃപ ഉദിച്ചിരിക്കുന്നുവല്ലോ. 12മഹാ
ദൈവവും നമ്മുടെ രക്ഷകനുമായ യേശുക്രി
സ്തുവിന്റെ മഹത്ത്വപ്രത്യക്ഷതയെന്ന ഭാഗ്യ
കരമായ പ്രത്യാശയ്ക്കായി കാത്തിരുന്നു
കൊണ്ട്, 13നാം അഭക്തിയും ലോകമോ
ഹങ്ങളും വർജ്ജിച്ച്, ഈ കാലഘട്ടത്തിൽ
ആത്മനിയന്ത്രണവും നീതിയും ദൈവഭക്തി
യുമുള്ള ജീവിതം നയിക്കുവാൻ അതു നമ്മെ
അഭ്യസിപ്പിക്കുന്നു. 14സകല അധർമ്മത്തിൽ
നിന്നും നമ്മെ വീണ്ടെടുത്ത്, സൽപ്രവൃത്തി
കളിൽ ശുഷ്കാന്തിയുള്ള സ്വന്ത ജനമായി ശു
ദ്ധീകരിക്കേണ്ടതിന് യേശുക്രിസ്തു നമുക്കു
വേണ്ടി തന്നെത്താൻ അർപ്പിച്ചു.
15ഈ കാര്യങ്ങൾ പ്രസംഗിക്കുകയും സകല
അധികാരത്തോടുംകൂടെ പ്രബോധിപ്പിക്കുകയും
ശാസിക്കുകയും ചെയ്യുക. ആരും നിന്നെ
നിന്ദിക്കാതിരിക്കട്ടെ.

*നന്മ ചെയ്യുക*

3 ഭരണകർത്താക്കൾക്കും അധികാരികൾ
ക്കും കീഴടങ്ങിയിരിക്കാനും അവരെ അനു
സരിക്കാനും സകല സൽപ്രവൃത്തിക്കും ഒരു
ങ്ങിയിരിക്കാനും 2ആരെക്കുറിച്ചും ദൂഷണം പറ
യാതെ, ശാന്തരായി സകല മനുഷ്യരോടും പൂർ
ണ്ണസൗമ്യത കാണിക്കാനും അവരെ ഓർപ്പി
ക്കുക.
3ഒരു കാലത്തു നാമും ബുദ്ധിഹീനരും അനു
സരണംകെട്ടവരും തെറ്റായ മാർഗ്ഗത്തിലൂടെ
നയിക്കപ്പെട്ടവരും പലവിധ മോഹങ്ങൾക്കും സു
ഖഭോഗങ്ങൾക്കും അധീനരും ആയിരുന്നു. അ
ന്യോന്യം വെറുത്തും വെറുക്കപ്പെട്ടുംകൊണ്ടു
വിദ്വേഷത്തിലും അസൂയയിലും നാം ജീവിച്ചു
പോന്നു. 4എന്നാൽ നമ്മുടെ രക്ഷകനായ
ദൈവത്തിന്റെ മനസ്സലിവും സ്നേഹവും വെളി
പ്പെട്ടപ്പോൾ, 5നാം ചെയ്ത നീതിപ്രവൃത്തികളാ
ലല്ല, അവിടുത്തെ കരുണയാൽ തന്നെ 6പുനർ
ജനനസ്നാനത്താലും പരിശുദ്ധാത്മാവിന്റെ
നവീകരണത്താലും അവിടുന്ന് നമ്മെ രക്ഷി
ച്ചു. 7അവിടുത്തെ കൃപയാൽ നീതീകരിക്ക
പ്പെട്ടിട്ട്, നിത്യജീവന്റെ പ്രത്യാശപ്രകാരം നാം
അവിടുത്തെ അവകാശികളായിത്തീരുവാൻ
നമ്മുടെ രക്ഷകനായ യേശുക്രിസ്തുമൂലം
അവിടുന്ന് ആ ആത്മാവിനെ നമ്മുടെമേൽ സമൃ
ദ്ധിയായി പകർന്നിരിക്കുന്നു. 8ഇതു വിശ്വാസ
യോഗ്യമായ വചനമാണ്. ദൈവത്തിൽ വിശ്വ
സിച്ചവർ സൽപ്രവൃത്തികളിൽ ജാഗ്രത പുലർ
ത്തുവാൻ ഈ കാര്യങ്ങൾ നീ ശക്തിയായി പ്ര
ബോധിപ്പിക്കണം. ഇവ നല്ലതും മനുഷ്യർക്കു
പ്രയോജനകരവുമാകുന്നു.
9ബുദ്ധികെട്ട വാദപ്രതിവാദങ്ങളും വംശാവ
ലികളും ന്യായപ്രമാണത്തെക്കുറിച്ചുള്ള തർ
ക്കങ്ങളും കലഹങ്ങളും ഒഴിഞ്ഞിരിക്കുക; ഇവ
നിഷ്പ്രയോജനവും വ്യർത്ഥവുമത്രേ. 10ഭിന്നി
പ്പുണ്ടാക്കുന്നവനെ, ഒന്നുരണ്ടുവട്ടം താക്കീതു
ചെയ്തശേഷം ഒഴിവാക്കേണ്ടതാണ്. 11അയാൾ
വക്രബുദ്ധിയും പാപം നിറഞ്ഞവനുമായി തനി
ക്കു തന്നേ ശിക്ഷ വിധിച്ചിരിക്കുന്നു
വെന്ന് നിനക്കറിയാമല്ലോ.

*സമാപന വാക്കുകൾ*

12ഞാൻ അർത്തെമാസിനെയോ തിഹിക്കൊ
സിനെയോ നിന്റെ അടുക്കൽ അയയ്ക്കുന്നയു
ടൻ നിക്കൊപ്പൊലിസിൽ എന്റെ അടു
ത്തെത്താൻ ശ്രമിക്കണം. അവിടെ ശീതകാലം
ചെലവഴിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.
13നിയമജ്ഞനായ സേനാസിനും അപ്പൊല്ലോ
സിനും ഒന്നിനും പോരായ്മ വരാതവണ്ണം
നിന്നാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്ത്
അവരെ യാത്രയാക്കുക. 14നമ്മുടെ ആളുകൾ
പ്രയോജനരഹിതരാകാതെ, അത്യാവശ്യകാര്യ
ങ്ങളിൽ സഹായിക്കുവാൻ കഴിവുള്ളവരാ
കേണ്ടതിനു സൽപ്രവൃത്തികളിൽ
മുമ്പരാകുവാൻ പഠിക്കട്ടെ.
15എന്നോടുകൂടെയുള്ള എല്ലാവരും നിനക്ക്
അഭിവാദനം ചൊല്ലുന്നു. വിശ്വാസത്തിൽ
ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവർക്കും
വന്ദനം പറയുക.
കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കു
മാറാകട്ടെ.